64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി..................
പ്രോഗ്രാം കമ്മിറ്റി

# ഓർമ്മകളുടെ സ്വന്തം ഞാൻ

ഞാൻ എഴുതുന്ന കഥകളെല്ലാം പഴഞ്ചൻ രീതിയിൽ ഉള്ളതാണെന്ന് പലരും പറയാറുണ്ട്. ഒരു പക്ഷെ മനുഷ്യന്റെ മണമുള്ള കഥകൾക്ക് ഒക്കെ അല്പം പഴഞ്ചൻ ടച്ച് ആവാമല്ലോ..... ഈ കഥയിലെ കഥാപാത്രം ഞാനാണ്. കഥാപാത്രങ്ങൾ ആകേണ്ടവരൊക്കെ അരങ്ങൊഴിഞ്ഞിരിക്കുന്നു.. ഇനി ഇത് എന്റെ കഥയാണ്, എന്റെ മാത്രം കഥ.

മഴയുടെ ഇരമ്പലുകൾ ചിലർക്ക് കവിതയാണ്, മറ്റു ചിലർക്ക് പ്രണയമാണ്, എന്നാൽ നെഞ്ചുപൊടിയുന്ന വേദനയോടെയാണ് എനിക്കിപ്പോഴും മഴ.. രണ്ടര വർഷം മുമ്പുണ്ടായ മഴക്കാലം, പ്രളയകാലം, എനിക്ക് നഷ്ടമായത് എന്റെ ജീവിതമാണ്. ആത്മാവ് പോലും മരവിച്ചു പോകുന്ന അവസ്ഥ.

ഭരണകൂടമേ,.. നിങ്ങൾ വേട്ടക്കാരനെയല്ല ഇരകളെയാണ് സംരക്ഷിക്കേണ്ടത്. കോടതി ~~മുറിൽ~~ മുറിയിൽ ഇരിക്കുന്ന വെറുമൊരു നീതി ദേവതയുടെ ശില,. അതല്ലേ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ജീർണ്ണിച്ച പ്രഹസന ശില്പം?

അല്ല, ഞാൻ ഇങ്ങനെയൊക്കെ ചിന്തിക്കേണ്ട ആവശ്യമില്ല. പ്രതിഫലം ലഭിച്ചല്ലോ. ഇല്ലയോ. എന്തിന് ഇവിടെ പ്രസക്തി ഇല്ല. നഷ്ടപരിഹാരവും പ്രതിഫലവുമൊക്കെ ഞാൻ സ്വയം വേണ്ടെന്നു വെച്ചതാണ്. ആകാശം മാത്രം മുന്നിൽ ഉണ്ട്. നടക്കുന്നവന് ഇനി എന്ത് എന്ന് ചിന്തിക്കേണ്ടി വരുന്നില്ലല്ലോ. പത്രക്കാർക്കും ചാനലുകാർക്കുമൊക്കെ വാർത്തയാക്കാൻ മടിയായിരുന്നു. സാരമില്ല... വെറും ഒരു അമ്പതു വയസ്സുകാരന്റെ പരിഭവങ്ങൾ മാത്രം...

സമയം ഒച്ചിനെപ്പോലെ ഇഴഞ്ഞു നീങ്ങിക്കൊണ്ടേയിരുന്നു. ജീവിതവും. ട്രെയിനിന്റെ ചൂളം അടി ശബ്ദം നിലയ്ക്കുന്നില്ലായിരുന്നു. "ചേട്ടാ, ഒരു ലോട്ടറി താ". എന്നും എന്റെ കയ്യിൽ നിന്നും ലോട്ടറി വാങ്ങുന്ന ഒരു മനുഷ്യനാ.

മുണ്ടക്കൈയിൽ നിന്നും ഞാൻ നേരെ തൃശ്ശൂരേക്കാണ് ട്രെയിൻ കയറിയത്. ഇവിടെ ആർക്കും ആരെയും അറിയില്ലായിരുന്നു. ആദ്യം

ഒരു ഹോട്ടലിലെ സെക്യൂരിറ്റി ആയാണ്
ഞാൻ കയറിയത്. എങ്കിലും മനസ്സിന് ഒരു
ഉറപ്പുണ്ടായിരുന്നില്ല. വിഭ്രാന്തമായ കുറെ
ചിന്തകൾ....

കുറച്ചു നാളായി ചിന്തിക്കുകയാണ് വയനാട്ടി-
ലേക്ക് ഒന്ന് തിരിച്ചു പോകണമെന്ന്. നാടൊക്കെ
ഒരുനോക്ക് കാണണമെന്ന് തോന്നി.

കെ. എസ്. ആർ. ടി. സി. ബസ്സിന്റെ കനത്ത
ചക്രങ്ങൾ ഉരുണ്ടുകൊണ്ടേയിരുന്നു. പുറത്ത്
ജാലകത്തിനപ്പുറത്ത് പതിച്ചിരുന്ന ഓരോ
മഴനൂലുകളും ഓരോ പ്രഹരങ്ങളായാണ്
എനിക്ക് തോന്നിയത്.

മുണ്ടക്കൈ ബസ്സ് സ്റ്റോപ്പിൽ ചെന്നിറങ്ങി-
യപ്പോൾ ഓർമ്മകൾ എന്നെ കുത്തി നോവിക്കുന്ന-
തുപോലെ എനിക്ക് തോന്നി. അങ്ങ് വിദൂരതയിൽ
ഒറ്റ മരത്തിലെ ആ പക്ഷി, നെഞ്ചു പൊടിയുന്ന
വേദനയായിരുന്നു. അപ്പോൾ എനിക്ക് ചിന്തകൾ
അങ്ങനെയാണ്,.. അത് നമുക്ക് ചുറ്റും
പാറി പറന്നുകൊണ്ടേയിരിക്കും. ഞാൻ കുറച്ചു

ദൂരം മുന്നോട്ട് നടന്നു. മൂന്നാഴ്ച ഞാൻ കഴിഞ്ഞ ദുരിതാശ്വാസ ക്യാമ്പുള്ള സ്കൂളിന്റെ ബോർഡ് ദൂരെ നിന്നും ഞാൻ കണ്ടു. മഴയുടെ മുഖം ഇത്രയും വികൃതമാണെന്ന് ഞാൻ അറി-ഞ്ഞിരുന്നില്ല. മഴയെന്ന കോമാളിയെ പോലെ മുന്നിൽ വന്ന് അവസാന ശ്വാസം പോലും മണ്ണ് തന്നെ പിച്ചി ചീന്തിയെടുത്തു. ഓർ-മ്മകൾ, അത് ചിലപ്പോൾ മുറിവുകളായി അവശേഷിക്കാം....

ആ ക്യാമ്പിൽ കഴിഞ്ഞിരുന്ന ദിനങ്ങൾ, ക്ലാസ്സ് മുറിയിലെ ഓരോ കോണുകളിൽ നിന്നും നിശബ്ദമായ തേങ്ങലുകൾ ഉയരുന്നുണ്ടായി-രുന്നു. ഇടക്കിടെ കുട്ടികളുടെ കരച്ചിലുകൾ കേൾക്കാം. ജീവിതത്തിനും മരണത്തിനുമിടയി-ലുള്ള ഒരു അവസ്ഥയുണ്ട്... ചുറ്റും ചിരികൾ മാഞ്ഞ കുറെ മുഖങ്ങൾ....

ക്ലാസ്സ് മുറിയിലാകെ ഈച്ചകൾ നൃത്തം വയ്ക്കുകയായിരുന്നു. മുഷിഞ്ഞ് നാറിയ വസ്ത്രങ്ങളുടെ മണം. ഇടക്കിടെ ആരൊക്കെ-യോ വന്ന് ഫിനോഫ്തലീൻ തളിക്കുന്നുണ്ടാ-

യിരുന്നു. അതിന്റെ രൂക്ഷ ഗന്ധം എന്നെ ഭ്രാന്ത് പിടിപ്പിക്കുന്ന പോലെ തോന്നി.

സ്കൂളിന്റെ മുറ്റത്ത് തളം കെട്ടി കിടന്നിരുന്ന ചെളി വെള്ളത്തിൽ കടലാസ്സ് തോണികൾ ഉണ്ടാക്കി കളിക്കുന്ന കുറച്ച് കുട്ടികൾ. സർവ്വ പ്രതീക്ഷകളും നഷ്ടപ്പെട്ടുവരാണ്. തങ്ങൾക്ക് ചുറ്റും ഉള്ളത് എന്ന് അവർ അറിഞ്ഞിരുന്നില്ല.

കുടുംബത്തിലെ ആരെയും കണ്ടു കിട്ടാത്തവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ഡെയ്സിയെയും മക്കളെയും കണ്ടെത്താനെ കഴിഞ്ഞില്ല...

പീള കെട്ടി കരഞ്ഞു വീർത്ത കണ്ണുകൾ എനിക്ക് തുറക്കാനെ കഴിഞ്ഞിരുന്നില്ല. മുന്നറിയിപ്പ് ലഭിച്ചതിനാൽ പലരും നേരത്തെ തന്നെ ക്യാമ്പിൽ എത്തിയിരുന്നു. ഡെയ്സി പറഞ്ഞതാ, "അച്ചായാ തൽക്കാലത്തേക്ക് നമ്മുക്കും ക്യാമ്പിലേക്ക് മാറിയാലോ." എന്ന്. "ഈ നാട്ടിലെ ഏറ്റവും വലിയ വീടാണ് എന്റെ...

ഒന്നും സംഭവിക്കില്ല" ഞാൻ പറഞ്ഞു.
അഹങ്കാരമായിരുന്നു എനിക്ക്. ഇപ്പോൾ
അതൊക്കെ ഓർക്കുമ്പോൾ... ചിന്തിക്കാനെ
സാധിക്കുന്നില്ല.....

ഭൂമി പിളർന്ന് താഴേക്ക് പോയിരുന്നെ-
ങ്കിൽ എന്ന് തോന്നി. അല്ല, എല്ലാം കത്തി
ചാമ്പലായിരുന്നെങ്കിൽ....
ക്യാമ്പിൽ കഴിഞ്ഞിരുന്ന ദിനങ്ങൾ, ഓർക്കാൻ
പോലും ഇഷ്ടമില്ലാത്ത കുറെ ദിനങ്ങൾ...
ആ രാത്രിയുടെ ഭീകരത. ചേറിൽ പുതഞ്ഞ
മനുഷ്യമണം എന്നെ വേട്ടയാടിക്കൊണ്ടേയിരുന്നു.
ഒന്ന് ഉറക്കെ കരയാൻ പോലും സാധിക്കാതെ,
ഞാൻ അവിടെ നിന്നും ഇറങ്ങി...
ആരോടും പറയാതെ, ഇനി എന്തിനെന്നറിയാ-
തെ, എങ്ങോട്ടെന്നറിയാതെ. പക്ഷെ ഒന്ന്
മാത്രം ~~അറിയാൻ~~ അറിയാം, ഇനി ഞാൻ
തനിച്ചാണ്....

ഒരു പണക്കാരന്റെ അഹംഭാവം കൊണ്ടാ-
ണ് ഞാൻ അവിടെ നിന്നും ഇറങ്ങിയത്.

എന്ന് നിങ്ങൾ തെറ്റിധരിക്കരുത്. ഒറ്റ
രാത്രികൊണ്ട് എല്ലാം നഷ്ടപ്പെട്ട ജീവിത-
ത്തിൽ വട്ട പൂജ്യമായവന്റെ വേദനയോടെ-
യാണ് ഞാൻ അവിടെ നിന്നും ഇറങ്ങിയത്...

ആകാശത്തിലേക്ക് നോക്കിയപ്പോൾ
അവസാന പറ്റം പക്ഷികളും തങ്ങളുടെ
ചില്ലകളിലേക്ക് ചേക്കേറാൻ വെമ്പൽ കൊണ്ട്
പറക്കുകയാണ്. എല്ലാ യാത്രകളും അവസാ-
നിക്കുന്നത് വീട് എന്ന അവസാന ലക്ഷ്യത്തി-
ലേക്കാണ്., അല്ലേ...
എന്റെ ആ അവസാന ലക്ഷ്യം ഇനി ഒറ്റ
മരത്തിലേക്ക് ചുരുങ്ങിയിരിക്കുന്നു. അനേകം
ദൂരങ്ങൾ പറന്ന് ജീവിതത്തിന്റെ നൂൽപ്പാല-
ത്തിലൂടെ സഞ്ചരിച്ചവനറിയാം എന്താണ്
ഒറ്റ മരം എന്നത്. ആ മരച്ചില്ലയിൽ ജീവി-
ക്കുന്ന വെറുമൊരു പക്ഷിയായി ഞാൻ
മാറിയിരിക്കുന്നു...

എല്ലാവരും ഒന്നല്ലെങ്കിൽ മറ്റൊരു

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ

Item Code: 950 Participant Code: 096

കേരള സ്കൂൾ കലോത്സവം
തീയതി..........
പ്രോഗ്രാം കമ്മിറ്റി

രീതിയിൽ ഒറ്റപ്പെട്ടുപോയ വഞ്ചികളാണ്. തിരിച്ച് ചെല്ലാൻ ഒരു കടവോ, റാന്തൽ വിളക്കോ ഇല്ലെന്ന് അറിയുന്നിടത്താണ് ഇരുട്ടിന് ചിറകുകൾ മുളയ്ക്കുന്നത്. നിങ്ങൾ അതിനെ ജീവിതം എന്ന് വിളി-ച്ചോളൂ, പക്ഷെ എനിക്കിത് അതിജീ-വനമാണ്....

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).